# STD - XI

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്** | **മനുഷ്യബന്ധങ്ങളും സമൂഹ സുസ്ഥിതിയും** | **ഭാഗം - ഒന്ന്**

### ലക്ഷ്യം

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെയും നിലനിൽപ്പ് ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചാണ്. അതുപോലെ മനുഷ്യനും സ്വയം നിലനിൽക്കുക സാധ്യമല്ല. ദൈവത്തെയും പ്രകൃതിയെയും മറ്റുള്ളവരെയും ജീവിക്കാനായി ആശ്രയിക്കുന്നു.

### പഠനസഹായികൾ

* വീഡിയോ - ദൈവ - മനുഷ്യബന്ധത്തെക്കുറിച്ച്
* വീഡിയോ - കുടുംബ ബന്ധത്തെക്കുറിച്ച്
* ദൈവം - പ്രകൃതി - മനുഷ്യൻ വ്യക്തിബന്ധം - ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* മനുഷ്യവ്യക്തിയും വിവിധ ബന്ധങ്ങൾ
* ദൈവ - മനുഷ്യബന്ധം
* കുടുംബ ബന്ധങ്ങൾ
* സാമൂഹികബന്ധങ്ങൾ

### പ്രാർത്ഥന

സ്നേഹ പിതാവായ ദൈവമേ, അങ്ങയോടുള്ള വ്യക്തിപരമായ ബന്ധത്തിൽ കൂടുതൽ ആഴപ്പെടുവാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിച്ച് അനേകർക്ക് മാതൃകയാകുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. സമൂഹജീവിയായ മനുഷ്യന്റെ അടിസ്ഥാനപരമായ സ്വഭാവം എന്ത്?
2. ദൈവ-മനുഷ്യബന്ധത്തിന്റെ അടിസ്ഥാനം എന്ത്?

3. ഒരു വ്യക്തിയെ വിവിധതലങ്ങളിലുള്ള ബന്ധങ്ങളിൽ വളരാൻ സഹായിക്കുന്ന സംവിധാനങ്ങൾ ഏതെല്ലാം?
4. സമൂഹജീവിയായ മനുഷ്യന് ബന്ധങ്ങൾ ഒഴിച്ചുകൂടാൻ പറ്റാത്തവയാണ്. വിശദമാക്കുക.
5. മനുഷ്യനെ മറ്റ് ജീവികളിൽനിന്ന് തീർത്തും വ്യത്യസ്തനാക്കുന്ന അടിസ്ഥാന ഘടകം എന്ത്?

## STD - XI

### അദ്ധ്യാപക സഹായി

**പാഠം - അഞ്ച്** **മനുഷ്യബന്ധങ്ങളും സമൂഹ സുസ്ഥിതിയും** **ഭാഗം - രണ്ട്**

### ലക്ഷ്യം

തന്നിലുള്ള നന്മകൾ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുകയും തന്റെയും അപരന്റെയും ഉയർച്ചയ്ക്കുവേണ്ടി നന്മകൾ പ്രയോജനപ്പെടുത്തുകയും വേണം.

### പഠനസഹായികൾ

* വീഡിയോ - സുഹൃത്ബന്ധത്തെക്കുറിച്ച്
* വീഡിയോ - സൗഹൃദബന്ധം നിലനിർത്താൻ

### പാഠത്തിന്റെ ഉള്ളടക്കം

* തന്നോടുതന്നെയുള്ള ബന്ധം
* സുഹൃത്ബന്ധങ്ങൾ
* സുഹൃത്ബന്ധങ്ങൾ നല്ലതും യാഥാർത്ഥ്യവുമാക്കിത്തീർക്കാനുള്ള മാർഗ്ഗങ്ങൾ
* സുഹൃത്ബന്ധങ്ങളുടെ ഗുണങ്ങൾ

### പ്രാർത്ഥന

"നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന് തിരുവചനത്തിലൂടെ ഞങ്ങളോട് ആഹ്വാനം ചെയ്ത ദൈവമേ, അങ്ങയോടുള്ള സ്നേഹത്തിൽ കൂടുതൽ വളർന്ന് അപരനിൽ അങ്ങയെ കണ്ടുകൊണ്ട് അവർ ആയിരിക്കുന്ന അവസ്ഥയിൽ അവരെ അംഗീകരിക്കുവാനും അവരിലുള്ള നന്മയെ അനുകരിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ.

### ചോദ്യങ്ങൾ

1. ഒരുവൻ തന്നോടുതന്നെയുള്ള ബന്ധത്തിൽ വളരുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
2. മനുഷ്യന്റെ അടിസ്ഥാന സ്വഭാവം എന്ത്?

3. സുഹൃത്ബന്ധങ്ങൾ നല്ലതും യാഥാർത്ഥ്യവുമാക്കിത്തീർക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം?
4. സുഹൃത്ബന്ധങ്ങളുടെ ഗുണങ്ങൾ എഴുതുക
5. തന്നോടുതന്നെയുള്ള ബന്ധം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

# STD - XI

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്** **മനുഷ്യബന്ധങ്ങളും സമൂഹ സുസ്ഥിതിയും** **ഭാഗം - മൂന്ന്**

### ലക്ഷ്യം

നന്മയിൽനിന്ന് തിന്മയിലേക്ക് വഴുതിമാറുന്ന മക്കളെ പ്രകാശത്തിന്റെ വഴിയിലൂടെ നയിച്ചുകൊണ്ട് നന്മയിൽ ചരിക്കാൻ അവരെ പ്രാപ്തരാക്കണം.

### പഠനസഹായികൾ

* വീഡിയോ - ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ച്
* വീഡിയോ - പ്രകൃതിയെക്കുറിച്ച്
* വീഡിയോ - ലഹരിക്കടിമകളായവർ - യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം

* വഴിതെറ്റിയ സൗഹൃദം
* ഗുരു - ശിഷ്യബന്ധം
* പ്രകൃതിയുമായുള്ള ബന്ധം
* പ്രകൃതിചൂഷണം

### പ്രാർത്ഥന

യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നതുപോലെ എല്ലാവരും മാതാപിതാക്കളെയും ഗുരുഭൂതരെയും ആദരിച്ചും ബഹുമാനിച്ചും ജീവിക്കുവാനും നന്മയുടെ വഴികളിലൂടെ സഞ്ചരിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ.

### ചോദ്യങ്ങൾ

1. പ്രകൃതിയുടെ ചൂഷണത്തിന് വിധേയമാകുന്ന മേഖലകൾ ഏതെല്ലാം? അവ തുടർന്നാൽ ഉണ്ടാകുന്ന അപകട സാധ്യതകളെക്കുറിച്ച് വിശദീകരിക്കുക.
2. മനുഷ്യനെ അവന്റെ സമഗ്ര വളർച്ചയിൽ രൂപപ്പെടുത്തുന്ന ദൈവികജ്ഞാനം പ്രഥമമായി അവന് ലഭിക്കുന്നത് എവിടെനിന്ന്?

3. ഗുരു – ശിഷ്യബന്ധം എന്നതുകൊണ്ട് അർത്ഥമാകകുന്നത് എന്ത്?
4. ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള വ്യക്തിത്വത്തിന് രൂപം കൊടുക്കാൻ ഒരുവനെ സഹായിക്കുന്നത് എന്ത്?
5. ലഹരി പദാർത്ഥങ്ങൾക്കും, മൊബൈൽ ഫോണിനും അടിമയായ യുവജനങ്ങളെ എങ്ങനെ നിങ്ങൾക്ക് അവരെ അതിൽനിന്നം മോചിപ്പിക്കാനാവും. ഒരു കർമ്മപദ്ധതി തയ്യാറാക്കുക.